# Deepika

## 23 August 2018

## Thodupuzha: Landslide, Road damage



# ഉരുൾപൊട്ടലിൽ കരകയറാതെ ഇടുക്കി; തകർന്നടിഞ്ഞ് വിനോദസഞ്ചാരം

**ജോൺസൺ വേങ്ങത്തടം**

**തൊടുപുഴ:** ഉരുൾപൊട്ടലും മണ്ണിടിച്ചിലും അണക്കെട്ടിലെ വെള്ളം തുറന്നുവിട്ടുണ്ടായ ദുരതത്തിലും ഇടുക്കി ജില്ല പാടേ തകർന്നു. വിനോദസഞ്ചാരമേഖലയും പൊതു ഗതാഗത മേഖലയും അപ്പാടെ തകർന്നു. കാർഷികമേഖലയും ക്ഷീരമേഖലയും കരകയറാനാവാത്ത പ്രതിസന്ധിയിലാണ്.

59 കോടിയുടെ കാർഷികനഷ്ടമാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതു കൃഷിവകുപ്പിന്റെ കണക്കു പ്രകാരമാണ്. ഇതിലും എത്രയോ വലിയ നഷ്ടമാണ് ഇടുക്കിയിൽ സംഭവിച്ചത്. 11,145.6 ഹെക്ടർ കാർഷികഭൂമി നശിച്ചു പോയി. ഒലിച്ചുപോയതു 4,500 കോഴികളുൾപ്പെടെയുള്ള വളർത്തു മൃഗങ്ങളാണ്.

ക്ഷീരമേഖലയിൽ മാത്രം അഞ്ചു കോടി രൂപയുടെ നഷ്ടം. ദിവസം 1,86,000 ലിറ്റർ പാൽ ഉത്പാദിപ്പിച്ചിരുന്ന ഇടുക്കിയിൽ നിലവിൽ 20,000 ലിറ്ററിന്റെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 40 കന്നുകാലികൾ, എട്ടു കന്നുകുട്ടികൾ, 85,000 കിലോ വൈക്കോൽ എന്നിവ നശിച്ചു. ഏഴു ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യാനായില്ല. റോഡുകൾ തകർന്നതു പാൽ വിതരണത്തിനു വിഘാതമായി. കാലവർഷക്കെടുതിയിൽ ഉരുക്കൾ ചത്തുപോകുക, ഒഴുക്കിൽപ്പെട്ട് കാണാതാവുക, കാലിത്തൊഴുത്തിനുണ്ടായ നാശം എന്നിവയ്ക്കുള്ള നഷ്ടപരിഹാരമായി കണ്ടിജൻസി ധനസഹായം നൽകും. പ്രധാന വിനോദസഞ്ചാരമേഖലയിലൊന്നും എത്തിച്ചേരാനാവാത്ത സ്ഥിതിയാണ്. സംസ്ഥാന പാതകളും പൊതുമരാമത്ത് റോഡുകളും ഗ്രാമീണറോഡുകളും പാടെ തകർന്നു.

ഓണവും നീലക്കുറിഞ്ഞി കാലവും വിനോദസഞ്ചാരമേഖല പ്രതീക്ഷയോടെ കണ്ടിരുന്നതാണ്. എന്നാൽ, റിസോർട്ടുകളും വൻകിട ഹോട്ടലുകളും ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയാണ്. അടിമാലി-മൂന്നാർ റോഡു തകർന്നതും മൂന്നാറിലെ ടൂറിസത്തിനു വിനയായി. വാർത്തവിനിമയസംവിധാനം ഇനിയും പൂർവ സ്ഥിതിയിലായിട്ടില്ല.